**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ അധിക ചുമതല അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ആയ ശ്രീ.കെ.ഇ.വിനോദ് കുമാറിന് നൽകിയ ഗ്രാമ വികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3048/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 01.12.2018.**

പരാമർശം: 1) 10.04.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 171/എസ്റ്റാ.എ1/18/സിആർഡി നടപടിക്രമം.
2) ഗ്രാമവികസന കമ്മീഷണറുടെ 02.11.2018-ലെ സിആർഡി/503/2018-എസ്റ്റാ.എ1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ല ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ആയിരുന്ന ശ്രീ.ജി.കൃഷ്ണകുമാറിനെ പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറിയായി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതനായപ്പോൾ, മേൽ തസ്തികയുടെ പൂർണ്ണ അധികച്ചുമതല, പരാമർശം (1) പ്രകാരം, പത്തനംതിട്ട ജില്ല ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ആയിരുന്ന ശ്രീ.കെ.ഇ. വിനോദ് കുമാറിന് നല്കിയ നടപടിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ല ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറിയായി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതനായപ്പോൾ, മേൽ തസ്തികയുടെ പൂർണ്ണ അധികച്ചുമതല, പത്തനംതിട്ട ജില്ല ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ആയിരുന്ന ശ്രീ.കെ.ഇ. വിനോദ് കുമാറിന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.കെ.ഇ. വിനോദ് കുമാർ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം), ദാരിദ്ര്യ ലഘൂകരണ വിഭാഗം, പത്തനംതിട്ട. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, പത്തനംതിട്ട.
ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Geetha V

സെക്ഷൻ ഓഫീസർ